# ‘യുദ്ധം യഹോവയ്ക്കുള്ളത്’

## 1 ശമുവേൽ 17:47

“യഹോവ വാൾകൊണ്ടും കുന്തംകൊണ്ടുമല്ല രക്ഷിക്കുന്നതു എന്നു ഈ സംഘമെല്ലാം അറിവാൻ ഇടവരും; യുദ്ധം യഹോവേക്കുള്ളതു; അവൻ നിങ്ങളെ ഞങ്ങളുടെ കയ്യിൽ ഏല്പിച്ചുതരും.”

ദൈവമക്കൾക്ക് സുപരിചതമായ ഒരു യുദ്ധത്തിന്റെ വിജയകരമായ പര്യവസാനത്തിന്റെ രഹസ്യമാണ് മുകളിൽ നാം വായിച്ചതായ വാക്യം. മല്ലനായ ഗോല്യാത്തും, ബാലനായ ദാവീദും തമ്മിലുള്ള പോരാട്ടം ശരിയായിട്ടുള്ളതും, ശക്തമായിട്ടുള്ളതുമായ ആയുധങ്ങളോടുകൂടി യുദ്ധം ചെയ്താലേ ജയം ഉണ്ടാകൂ എന്ന് ഏവർക്കും സുപരിചിതമാണ്. ദാവീദിന്റെ ജയത്തിന്റെ പിന്നിലും ശരിയായതിനെ, ശക്തമായതിനെ ആശ്രയിച്ചു എന്നതായിരുന്നു ജയം.

മനുഷ്യന്റെ വീക്ഷണത്തിൽ ദാവീദ് വെറും നിസ്സാരനായ ഒരു ഇടയബാലൻ. യഹോവയാം ദൈവത്തിലുള്ള ‘‘അടിയുറച്ച വിശ്വാസം’’ അതായിരുന്നു അവന്റെ ഉള്ളിലെ ശക്തിയുടെ വലുപ്പം. വേദപുസ്തകത്തിലെ ഈ ഒറ്റ സംഭവം കൊണ്ടു തന്നെ നമുക്ക് അത് മനസ്സിലാക്കാം.

‘‘ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ആർ’’ എന്നാണ് ദാവീദ് ഉന്നയിക്കുന്നത്. ജീവിക്കുന്ന ദൈവത്തിന്റെ സേനകളെ തൊടാൻ ആർക്കും കഴിയില്ല എന്നതാണ് വാസ്തവം. പലപ്പോഴും നാം അറിഞ്ഞിട്ടും അറിയാതെ പോകുന്ന സത്യം.

ജീവിതം ഒരു പോരാട്ടമായി അനുഭവപ്പെടാത്തവർ ആരും തന്നെയില്ല. വിശേഷാൽ വിജയകരമായും, ദൈവഭക്തിയോടും ജീവിപ്പാൻ വാഞ്ഛിക്കുന്നവർക്ക് ഒരു ആത്മീക യുദ്ധക്കളത്തിന്റെ അനുഭവം ഉണ്ടാകും. പ്രത്യക്ഷമായി കാണപ്പെടുന്ന എതിർപ്പുകളുടെ പിന്നിൽ ഒരു ദുഷ്ടശക്തിയുണ്ട് എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. എഫേസ്യർ 6:12 പറയുന്നതുപോലെ പിശാചിന്റെ തന്ത്രങ്ങളെ അറിയുക എന്ന വിവേകമാണ് വിജയകരമായ ജീവിതത്തിന് അനിവാര്യം. അതേ, പരിജ്ഞാനത്തോടുകൂടിയ ദൈവീക അനുഭവം. ദാവീദിന്റെ ജീവിതത്തിലുടനീളം ദർശിക്കാൻ പറ്റുന്ന വൈശിഷ്ട്യവും അതുതന്നെ.

വാളും കുന്തവുമല്ല നമ്മുടെ ആയുധം. ദാവീദിനോടൊപ്പം ഓരോ ദൈവമക്കളും അംഗീകരിക്കുകയും ശീലിക്കുകയും ചെയ്യേണ്ടതായ സമരതന്ത്രം അതാകുന്നു. ‘‘അഞ്ചു കല്ലുകൾ’’ അവൻ പെറുക്കി. എന്നാൽ അതിൽ ഒന്നുകൊണ്ടു തന്നെ ശത്രു കീഴടങ്ങി. അഞ്ചു

കല്ലുകൾ എന്ന പോലെ, ജീവിതത്തിൽ സാത്താനെ നേരിടുമ്പോൾ വിജയത്തിനായി (1) ലക്ഷ്യം വേണം (2) വില കൊടുക്കണം (3) ശത്രുവിനെ തിരിച്ചറിയണം, ആയുധം ആസൂത്രണം ചെയ്യണം (4) ഉറച്ച വിശ്വാസം (5) ലക്ഷ്യത്തിലേക്ക് അവസാനമായി ഒരു കല്ല് എറിയണം. ഉന്നം ശരിയാകണം. ഇത് നിരന്തരമായ പ്രാർത്ഥനയിലൂടെ ആർജ്ജിച്ചെടുക്കേണ്ടതായ വസ്തുതയാകുന്നു.

ഈ ഭൂമിയിലെ യുദ്ധത്തിൽനിന്ന് രക്ഷപെടാൻ നമുക്ക് യുദ്ധമുന്നണിയിൽ നിന്ന് ഓടി രക്ഷപെടാം. ഗോല്യാത്തിനോട് എതിരിടാൻ വന്ന യിസ്രായേൽ ജനത്തിന്റെ സ്ഥിതി അതു തന്നെ ആയിരുന്നു. ഭയന്നു പിൻമാറിനിന്ന ജനസമൂഹം. എന്നാൽ ആത്മീകപോരാട്ടത്തിൽ അങ്ങനെയൊരു മാർഗ്ഗമില്ല. എല്ലായിടവും മുന്നണി തന്നെ. യുദ്ധഭൂമിയിലെ ഏക സുരക്ഷിതസ്ഥാനം യേശുക്രിസ്തു മാത്രമാകുന്നു. അതിൽ ആശ്രയിക്കാം, മുന്നേറാം. യുദ്ധം യഹോവയ്ക്കുള്ളതാകുന്നു. തക്കസമയത്ത് അവൻ ആയുധങ്ങളെ തിരഞ്ഞെടുത്തു തരും. ഇടയബാലനായ ദാവീദിനെപ്പോലെ യഹോവയാം യാഹിൽ ആശ്രയമർപ്പിച്ചു കൊണ്ട് ധീരനായ ഒരു പോരാളിയായി പിന്തുടരാൻ ഏവർക്കും ഇടയാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 44:3

തങ്ങളുടെ വാളുകൊണ്ടല്ല അവർ ദേശത്തെ കൈവശമാക്കിയതു; സ്വന്തഭുജം കൊണ്ടല്ല അവർ ജയം നേടിയതു; നിന്റെ വലങ്കയ്യും നിന്റെ ഭുജവും നിന്റെ മുഖപ്രകാശവും കൊണ്ടത്രേ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 017**